## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3375 — 29.01.2014 ൽ മറുപടിയ്ക്ക്.

### മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് സംസ്ഥാനത്ത് വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത മണ്ണ് ജല സംരക്ഷണ പദ്ധതികളിലായി 59.46 കോടി രൂപ ചെലവഴിച്ച് 39,991 ഹെക്ടർ പ്രദേശത്ത് ശാസ്ത്രീയ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ജല സംരക്ഷണാർത്ഥം 210 നിർമ്മിതികളുടെ നിർമ്മാണവും ഈ കാലയളവിൽ പൂർത്തീകരിക്കുവാൻ സാധ്യമായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) എത്ര പദ്ധതികളിലായാണ് പ്രവർത്തനങ്ങൾ നടന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) ഇതിലെ കേന്ദ്ര സംസ്ഥാന പദ്ധതികൾ എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) 6 പദ്ധതികൾ. നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള RIDF പദ്ധതി, കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പാരിസ്ഥിതിക പുനരുജ്ജീവനത്തിനുള്ള പദ്ധതി. അരുവിക്കര ശാസ്താംകോട്ട ജലസംഭരണികളുടെ വൃഷ്ടി പ്രദേശ സംരക്ഷണ പദ്ധതി. മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി എന്നീ സംസ്ഥാനാവിഷ്കൃത പദ്ധതികളിലും കബിനി നദീതട മണ്ണുജലസംരക്ഷണ പദ്ധതി. ദേശീയ നീർമറി വികസന പദ്ധതി എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളിലുമാണ് പ്രവർത്തനങ്ങൾ നടന്നത്. |
| (ഡി) നബാർഡിന്റെ എന്തെല്ലാം ധനസഹായങ്ങളാണ് ഇതിന് ലഭിച്ചത്; വിശദാംശങ്ങൾ നൽകാമോ ? | (ഡി) നബാർഡ് പദ്ധതികൾക്കായി 2011-12, 2012-13, 2014-15 വർഷങ്ങളിൽ ആകെ അനുവദിച്ചത് 49 കോടി രൂപയാണ് ഇതിൽ നാളിതുവരെയായി 40.75 കോടി രൂപ ചെലവഴിച്ച് RIDF XI മുതൽ RIDF XIX വരെയുള്ള ഘട്ടങ്ങളിലെ 138 പദ്ധതികളിലായി 34,080 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ

[illegible]

## മണ്ണു പര്യവേക്ഷണ സംരക്ഷണ വകുപ്പ് 2011-12 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മണ്ണ് ജല സംരക്ഷണ പദ്ധതികൾ

| ക്രമ നം. | പദ്ധതികൾ | വിവിധ വർഷങ്ങളിൽ ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) | | | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|
| | | 2011-12 | 2012-13 | 2013 - 14 നാളിതുവരെ ചെലവഴിച്ച തുക | |
| | സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | |
| 1 | നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള മണ്ണ് ജല സംരക്ഷണ പദ്ധതി(RIDF) | 1170.75 | 1600 | 1305.23 | RIDF-XIII മുതൽ XIX ഘട്ടത്തിൽ ഉൾപ്പെട്ട 138 പദ്ധതികൾ നിർവ്വഹണത്തിലാണ്. |
| 2 | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി | 351.83 | 375.96 | 6.21 | 2013-14 ലേയ്ക്ക് 4.36 കോടി രൂപ നവംബർ 2013 നാണ് ലഭ്യമായത് |
| 3 | മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി | 25 | 35 | 59.69 | |
| 4 | അരുവിക്കര ശാസ്താംകോട്ട ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശ സംരക്ഷണ പദ്ധതി | 19.11 | 19.99 | 22.75 | |
| | കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | |
| 5 | കബിനി നദീതട മണ്ണ് സംരക്ഷണ പദ്ധതി | 101.72 | 185.5 | | 2013-14 വർഷം പദ്ധതിയ്ക്ക് ഫണ്ട് അനുവദിച്ചില്ല |
| 6 | ദേശീയ നീർമറി വികസന പദ്ധതി. | 268 | 400 | | പദ്ധതിയ്ക്ക് 2013 മാർച്ചിൽ RKVYയിൽ ലഭിച്ച 4.71 കോടി രൂപ ജില്ലകൾക്ക് പദ്ധതിപ്രവർത്തനത്തിന് അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ